മേൽപ്പറഞ്ഞ സാഹചര്യങ്ങളാൽ അശാസ്ത്രീയമായ ഈ കോർപ്പറേഷൻ രൂപീകരണപരിപാടിയിൽനിന്ന് പിന്മാറണമെന്നും അതല്ല കോർപ്പറേഷൻ സ്ഥാപിച്ചേതീരൂ എന്നു ഗവണ്മെന്റിനു നിർബ്ബന്ധമാണെങ്കിൽ പ്രതിവർഷം ഒരു കോടി രൂപവീതം 10 കൊല്ലത്തേക്ക് ഗ്രാൻഡ് എന്ന നിലയിൽ തരാമെന്നു ഗവണ്മെന്റിൽനിന്ന് ഉറപ്പുവരിക്കണമെന്നും നഗരസഭ ആവശ്യപ്പെടുകയുണ്ടായി.

....

മിസ്സിസ് ചർച്ചിലിനു് പ്രഭവിസ്ഥാനം

ലണ്ടൻ, മേയ് 3.

ബ്രിട്ടീഷ് പാർലമെന്റിന്റെ ഉപരിസഭയായ പ്രഭുസഭയിൽ ഒരു സ്ഥാനം ലഭിക്കത്തക്കവണ്ണം പരേതനായ സർ വിൻസ്റ്റൺ ചർച്ചിലിന്റെ പത്നിയായ "ഡർച്ചിങ്ങ്" ക്ലെമന്റ്യനിനെ ബ്രിട്ടീഷ് ഗവർമ്മെൻറ് ഒരു ആജീവനാന്ത പ്രഭു (ലൈഫ് പിയറസ്സ്) ആക്കിയിരിക്കുന്നു. എക്കാലവും ഒരു "കോമണർ" (കോമൺസ് സഭാംഗം) ആക്കിയിരിക്കുന്നതിനു് പ്രമുഖപദവി വാഗ്ദാനങ്ങൾ പല പ്രാവശ്യവും നിരസിച്ചയാളാണ് ചർച്ചിൽ. പ്രധാനമന്ത്രിയുടെ വസതിയിൽനിന്നുള്ള ഒരു പ്രഖ്യാപനത്തിൽ മിസ്സസ് ചർച്ചിൽ ഈ സ്ഥാനം സ്വീകരിച്ചതായിട്ടാണ് പറയുന്നത്.

—o—

തുറമുഖത്തൊഴിലാളി യൂണിയൻ ഭാരവാഹികൾ

[സ്വ. ലേ] കൊച്ചി, മേയ് 2

കൊച്ചി തുറമുഖത്തൊഴിലാളിയൂണിയന്റെ അടുത്തവർഷത്തെ ഭാരവാഹികളായി ശ്രീ. എം. കെ. രാഘവൻ (പ്രസിഡണ്ട്) കെ. എച്ച്. സുലൈമാൻ (വൈ. പ്രസിഡണ്ട്) എ. എ. കാച്ചുണ്ണി (ജ. സിക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തിരിക്കുന്നു.

.....

ചെക്കിങ്ങ് ഇൻസ്പെക്ടറെ പിരിച്ചുവിട്ടു

[സ്വ. ലേ] കൊച്ചി, മേയ് 2

എറണാകുളം ജില്ലാസൊസൈറ്റിയുടെ കൊച്ചിയിലെ ചെക്കിങ്ങ് ഇൻസ്പെക്ടർ ആയ മി. പി. എ. അബൂബക്കറിനെ മേയ് 1-ാംതു മുതൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിരിക്കുന്നതായി അദ്ദേഹത്തെ അറിയിച്ചിരിക്കുന്നു. യാതൊരു കാരണവും മി. അബൂബക്കറിന്റെ നേരെയില്ലാതിരിക്കെ ഈ പിരിച്ചുവിടൽ നടപടി എന്തോ സ്വാതന്ത്ര്യക്കാരെ ഒതുക്കുകടത്തുന്നതിനുവേണ്ടിയുള്ളതാണെന്നാണ് പറയുന്നത്.

.....

അഫ്ഘാൻ മെഡിക്കൽ പ്രതിനിധിസംഘം കാബൂളിലേയ്ക്ക് മടങ്ങി

ന്യൂഡൽഹി, മേയ് 4

ഇന്ത്യയിൽ 10 ദിവസത്തെ പര്യടനത്തിനുശേഷം അഫ്ഘാനിസ്ഥാനിൽ നിന്നുള്ള അഞ്ചംഗപ്രതിനിധിസംഘം കഴിഞ്ഞ ദിവസം കാബൂളിലേയ്ക്ക് പുറപ്പെട്ടു. ഇന്ത്യയിൽ ഒരു സമഗ്രസാംസ്കാരിക പ്രതിനിധി സംഘം, ബോംബെ, കല്ക്കത്ത, മദിരാശി, ഡൽഹി, എന്നിവിടങ്ങളിലെ മെഡിക്കൽ-പൊതുജനാരോഗ്യസ്ഥാപനങ്ങളും സന്ദർശിക്കുകയുണ്ടായി. ഔഷധങ്ങളും, ശസ്ത്രക്രിയോപകരണവും എന്നിവയുടെ നിർമ്മാണത്തിൽ പ്രതിനിധിസംഘം അതിയായ താല്പര്യം പ്രകടിപ്പിച്ചു. പിന്ദ്രിയിലെ ഹിന്ദുസ്ഥാൻ ആന്റി ബയോട്ടിക്സ്, ഹാഫ്കിൻ ഇൻസ്റ്റിട്യൂട്ട്, സിപ്ലാ ഫാർമസ്യൂട്ടിക്കൽ ലാബറട്ടറി എന്നിവയും മാത്രം പല ഔഷധ നിർമ്മാണശാലകളും അവർ സന്ദർശിക്കുകയുണ്ടായി.

....

വിവാഹങ്ങൾ

കുന്നംകുളം പരിച്ചു

ശ്രേസ്സു—കൊച്ചുപ്പൻ

ഏനാമക്കൽ, മെയ് 4

ഗുരുവായൂർ ദേവസ്വം മകൻ കൃഷ്ണനും, വലപ്പാട് പുല്ലഴിതറിക്കൽ ലോനപ്പൻ പാറിജോസും കളത്തുകാരെ ദേവസ്സി മകൾ ശ്രേസ്സിയും പാലയൂർ കരുമുക്കുകാരെ ഔസേഫ് കൊച്ചുപ്പനും തമ്മിലുള്ള വിവാഹങ്ങൾ ഏനാമാക്കൽ പള്ളിയിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

ജോസ്—മേരി

കുന്നുത് വെള്ളാട്ടുകര വറീത് ജോസും, കുന്നംപുള്ളി തരകൻ മേലിട്ട് ചാക്കോരു മകൾ മേരിയും തമ്മിലുള്ള വിവാഹം കുന്നംപുള്ളി പള്ളിയിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

മേരി—ഫ്രാൻസീസ്

വാലീക്കടം അന്തോണി മകൾ മേരിയും തലക്കോട്ടുകര മാണ്ടൻ വറീയുത് ഫ്രാൻസീസും തമ്മിലുള്ള വിവാഹം ഏനാമാക്കൽ പള്ളിയിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

പാഞ്ചാലി—വേലായുധൻ

പുത്തോടം, മെയ് 4

കെണിറോഡരപറമ്പിൽ കുഞ്ഞൻ മകൻ വേലായുധനും, പാറപ്പുറത്തു വേലായുധൻ മകൾ പാഞ്ചാലിയും തമ്മിലുള്ള വിവാഹം ഇന്നു് സമംഗളം നടന്നിരിക്കുന്നു. വിവാഹത്തോടനുബന്ധിച്ചു് വരന്റെ ഗൃഹത്തിൽ നടത്തിയ സദ്യയിൽ കുടുംബാധിപർ പങ്കുകൊണ്ടു.

ശങ്കരൻ—രാധാമണി

ശാന്തകുമാരി—ഉണ്ണി

മേല്പുത്തൂർ, മെയ് 3

പല്ലുത്തു് വേലായുധന്റെ പുത്രൻ ശങ്കരനും (കരുവിലശ്ശേരി) പ്ലാവിടപറമ്പിൽ മാടിയുടെ പുത്രി രാധാമണിയും (പട്ടിക്കര) തമ്മിലും പല്ലുത്തു് വേലായുധന്റെ പുത്രി ശാന്തകുമാരിയും, കാങ്കരമ്പിൽ കിട്ടകുട്ടിയുടെ പുത്രൻ ഉണ്ണിയും (രാപ്പാടം) തമ്മിലുള്ള വിവാഹങ്ങളും വധൂഗൃഹങ്ങളിൽവെച്ച സമംഗളം നടന്നിരിക്കുന്നു.

ഓമന—ഉണ്ണി

ചക്കാപറമ്പു്, മെയ് 4

പല്ലുത്തു് കുട്ടപ്പൻറെ പുത്രി ഓമനയും (പക്കാംപറമ്പു്) പെരുമ്പിലിശ്ശേരി രാഘുണ്ണിയുടെ പുത്രൻ ഉണ്ണിയും തമ്മിലുള്ള വിവാഹം ഗുരുവായൂർ ക്ഷേത്രത്തിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

ചാക്കോ—ഡ്യമോന

അമ്പഴക്കാട്, മെയ് 4

കാച്ചപ്പിള്ളി മുമ്മാറിന്റെ പുത്രൻ ചാക്കോയും (അമ്പഴക്കാട്) എലുവത്തിങ്കൽ ഡൊമസ്സിയുടെ പുത്രി ഡ്യമോനയും (അമ്പഴക്കാട്) തമ്മിലുള്ള വിവാഹം അമ്പഴക്കാട് ഫൊറോനാപള്ളിയിൽവെച്ച് സമംഗളം നടന്നിരിക്കുന്നു.

—

മൂലധനം സ്വരൂപിക്കാൻ അഞ്ചു കമ്പനികൾക്ക് അനുവാദം നൽകി

ന്യൂഡൽഹി, മെയ് 4

മൊത്തം 1.21 കോടി രൂപയുടെ മൂലധനം സ്വരൂപിക്കാൻ അഞ്ചു കമ്പനികൾക്ക് ഇന്ത്യാഗവണ്മെന്റ് അനുവാദം നൽകിയിരിക്കുന്നു.

ബോംബെയിലെ സാസൂൺ ആൻഡ് അലയൻസ് സിൽക്ക് മിൽ കമ്പനി ലിമിറ്റഡ്, ജി. ജി. ഡേങ്കർ മെഷീൻ വർക്സ് ലിമിറ്റഡ്, ബ്രാഡി ആൻഡ് മോറിസ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കല്ക്കത്തയിലെ ശ്രീ. ഹനുമാൻ ഷുഗർ ആൻറ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, മദിരാശിയിലെ സോവറിൻ സ്പിന്നിംഗ് ആൻഡ് വീവിങ്ങ് മിൽസ് ലിമിറ്റഡ് എന്നിവയാണ് കമ്പനികൾ.

—

അണക്കെട്ടുകളുടെ പ്രൊജക്ട് പ്രദേശങ്ങളും വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളാക്കണം

വന്യമൃഗ സംരക്ഷണ ബോർഡിന്റെ തീരുമാനം— ടൂറിസ്റ്റുകളുടെ സൌകര്യത്തിനു പീച്ചിയിലും നെയ്യാറിലും ബോട്ടുകൾ ഏർപ്പെടുത്തുന്നു

സ്വ. ലേ. തേക്കടി, മെ. 4

നാലാം പഞ്ചവത്സരപദ്ധതിയിൽ നാഷണൽ പാർക്കായി ഉൾപ്പെടുത്തിയിട്ടുള്ള തേക്കടി വന്യമൃഗസംരക്ഷണ കേന്ദ്രത്തിന്റെ വികസനത്തിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ അഡ്വൈസർ ശ്രീ. ആർ. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കഴിഞ്ഞദിവസം തേക്കടി വൈൽഡ് ലൈഫ് പ്രിസർവേഷൻ ആഫീസിൽ ചേർന്ന സംസ്ഥാന വന്യമൃഗ സംരക്ഷണബോർഡിന്റെ യോഗം തീരുമാനിച്ചിരിക്കുന്നു.

കൂടാതെ ടൂറിസ്റ്റുകളുടെ സൌകര്യത്തിനുവേണ്ടി നെയ്യാറിലും പീച്ചിയിലും ബോട്ടുകൾ ഏർപ്പെടുത്തുവാനും പ്രൊജക്ട് പ്രദേശങ്ങളെ വന്യമൃഗസംരക്ഷണ കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തുവാനും അതിനു് ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കുവാനും യോഗം തീരുമാനിച്ചിട്ടുണ്ട്. നാലുവർഷത്തിനുശേഷം ആദ്യമായിട്ടാണ് ബോർഡിന്റെ ഒരു യോഗം നടക്കുന്നത്. ബോർഡിന്റെ യോഗം കൂടുന്നതിനുമുമ്പായി കാലാകാലങ്ങളിൽ താമസിക്കുന്ന അഡ്വൈസർ പ്രത്യേകപരിശോധനകൾ നടത്തുകയും മേലിലക്ഷ്യം ഇത്തരം നടപടികൾ ഉണ്ടാകുന്നതിനു നിർദ്ദേശിക്കുകയുംചെയ്യും.

കേരളത്തിലെ പ്രധാന അണക്കെട്ടുകളെ പ്രോജക്ട് പ്രദേശങ്ങളും വന്യമൃഗസങ്കേതങ്ങളായി വികസിപ്പിച്ച് വിദേശസഞ്ചാരികളെ ടൂറിസ്റ്റുകളെ ധാരാളമായി ആകർഷിക്കുന്നതിനുള്ള സമഗ്രമായ ചില പരിപാടികളും ഈ യോഗം അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വളരെയേറെ താല്പര്യം പ്രകടിപ്പിച്ചുള്ള പ്രായോഗികമായ പല നിർദ്ദേശങ്ങളും ബോർഡിൽ ആവതരിപ്പിച്ചതും അഡ്വൈസർ ശ്രീ. ആർ. പ്രസാദാണ്.

ടൂറിസ്റ്റുകൾക്ക് കൂടുതൽ ആകർഷകമായ രീതിയിൽ തേക്കടിയിലെ വന്യമൃഗസങ്കേതത്തിനു വികസനം ഉണ്ടാക്കുന്ന കാര്യവും കാണ്ടാമൃഗത്തിനേയും മറ്റുചില മൃഗങ്ങളേയും തേക്കടിയിൽ കൊണ്ടുവന്നു സംരക്ഷിക്കുന്ന കാര്യവും കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടുണ്ട്.

വൈൽഡ് ലൈഫ് ആക്ട് കഴിയുന്നതുവേഗം പ്രാബല്യത്തിൽ കൊണ്ടുവരണമെന്നും വന്യമൃഗസംരക്ഷണത്തിനുവേണ്ടി താമസിക്കുന്നവർക്ക് തോക്കിനു് ലൈസൻസ് കൊടുക്കുന്നതു് ചുരുങ്ങിയ ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ചുവേണമെന്നുകമ്മിറ്റി തീരുമാനിച്ചു.

ഫോറസ്റ്റ് ജീവനക്കാരുടെ ഏതാനും ആവശ്യങ്ങളും ഉൾക്കൊള്ളുന്ന ഒരു മെമ്മോറാണ്ടവും അഡ്വൈസർക്ക് നൽകപ്പെടുകയുണ്ടായി. യോഗത്തിനുശേഷം അഡ്വൈസറും കമ്മിറ്റി അംഗങ്ങളും അരണ്യനിവാസിലെത്തി ലഞ്ചുകഴിക്കുകയും ഇടപ്പാളയവും കോഴിക്കാനും യുക്കാലിപ്ലാന്റേഷനും സന്ദർശിക്കുകയുചെയ്തു

....

ആക്ഷേപങ്ങളും ആവശ്യങ്ങളും

വിളക്കുണ്ട് വെളിച്ചമില്ല

മണലൂർ ഹൈസ്കൂളിന്റെ തെക്കുഭാഗത്തുകൂടി പടിഞ്ഞാട്ടുള്ള പഞ്ചായത്തു് റോഡിലെ വഴിവിളക്കുകൾ 1 മാസക്കാലമായി കത്താതെ നിൽക്കുകയാണ്. പഞ്ചായത്തിൽനിന്നും അടക്കേണ്ട കരൻറ് ചാർജ് അടക്കാത്തതിനാൽ ഇലക്ട്രിസിറ്റിക്കാർ ആദ്യത്തെ ഫ്യൂസ് ഊരിക്കൊണ്ടുപോയതിനാലാണ് വിളക്കുകൾ പ്രകാശിക്കാത്തതെന്ന അനേഷണത്തിൽനിന്നും അറിയുന്നു. ചില കോൺഗ്രസ്സ് ദിവ്യന്മാരുടെ പടിക്കൽ നൂറിന്റെ ബോംബ് ഇട്ട് കത്തിക്കുമ്പോൾ വളരെയേറെ പൊതുജനങ്ങൾ രാത്രിയും പകലും സഞ്ചരിക്കുന്ന നിരത്തിൽ കരൻറ് ചാർജ്ജടക്കാതെ ജനങ്ങളെ ഇരുട്ടത്തു നടത്തുന്ന പഞ്ചായത്തിന്റെ പൊതുജനപ്രേമം ഭയങ്കരംതന്നെ. ഇക്കാര്യത്തിൽ വേണ്ടപ്പെട്ടവർ ഒന്നു ശ്രദ്ധിച്ചാൽ തരക്കേടില്ല.

മണലൂർ നാട്ടുകാരൻ

പഞ്ചസാര കിട്ടുന്നില്ല

കുട്ടനാട്ടിലെ സിംഹഭാഗം റേഷൻ കടയിലൂടെയുള്ള കഴിഞ്ഞ ആഴ്ചയിലെ പഞ്ചസാര വിതരണം ചെയ്തിട്ടില്ലെന്നറിയുന്നു. ഇതുമൂലം പായക്കടക്കാർ തുടങ്ങിയവർ വളരെ ക്ലേശിക്കുന്നു. ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നുണ്ടായിരിക്കും.

മമ്പക്കല്ലും നാട്ടുകാരൻ

.....

തലസ്ഥാനത്തുനിന്നു്

[സ്വ. ലേ] മെയ്, 3

കോട്ടയം മെഡിക്കൽകോളേജിലെ സർജറി ട്യൂട്ടർ ഡോ: കെ. ഐ.കര്യാക്കോസിനേയും, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പാത്തോളജി ഡമോൺസ്ട്രേറ്റർ ഡോ: എസ്. രാഘവിനേയും, കോഴിക്കോട് മെഡിക്കൽ കോളേജിലെ പാത്തോളജി ഡമോൺസ്ട്രേറ്റർ ഡോ: പി. രാമചന്ദ്രനേയും അസിസ്റ്റൻറ് പ്രൊഫസ്സർമാരായി പ്രൊമോട്ടുചെയ്തു അതതു് കോളേജുകളിൽ നിയമിച്ചിരിക്കുന്നു.

മലപ്പുറം രണ്ടാം സ്റ്റേജ് ബ്ലോക്കു്

മലപ്പുറം ബ്ലോക്ക് രണ്ടാം സ്റ്റേജ് ബ്ലോക്കായി പരിവർത്തനംചെയ്യുകൊണ്ടു് ഗവർമ്മെൻറ് ഉത്തരവായിരിക്കുന്നു.

ഹരിജനക്ഷേമവകുപ്പു ഡയറക്ടർ

രവന്യൂബോർഡ് സെക്രട്ടറി ശ്രീ. കെ. വി. രാമകൃഷ്ണയ്യരെ ഹരിജനക്ഷേമവകുപ്പ് ഡയറക്ടറായി നിയമിച്ചിരിക്കുന്നു. ലാൻഡ് ബോർഡ് സെക്രട്ടറിയും റവന്യൂബോർഡ് (ലാൻഡ് റീഫോംസ്) അഡീഷനൽ സെക്രട്ടറിയുമായ ശ്രീ. വി. ജി. സിറിയക് തൽക്കാലം റവന്യൂബോർഡ് സെക്രട്ടറിയുടെ മുതലകാര്യംകൂടി വഹിക്കുന്നതാണ്.

ടൈറാനിയം പ്രോഡക്ടസ് മാനേജിംഗ് ഡയറക്ടർ

ട്രാവൻകൂർ ടൈറാനിയം പ്രൊഡക്ട്സ് മാനേജിംഗ് ഡയറക്ടർ കെ. ബി. വാരിയക്ക് രണ്ടുമാസത്തെ അവധി അനുവദിച്ചു ഒഴിവിൽ ശ്രീ. കെ. മാധവൻ നായരെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിരിക്കുന്നു.

ലേ സെക്രട്ടിമാർ

ഹെൽത്ത് സർവീസസ് ഡയറക്ടർ ആഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. എം. ബാലഗോപാലനെ താല്ക്കാലികമായി പ്രമോട്ടുചെയ്തു് അവിടത്തന്നെ സീനിയർ സൂപ്രണ്ടായും, സീനിയർ സൂപ്രണ്ട് ശ്രീ. കെ. കെ. മുകുന്ദനെ കണ്ണൂർ ജില്ലാ ആശുപത്രിയിൽ ലേ സെക്രട്ടറിയും ട്രഷററുമായും, ജൂനിയർ സൂപ്രണ്ട് ശ്രീ. കെ. രാഘവൻആചാരിയെ താല്ക്കാലികമായി പ്രമോട്ടുചെയ്തു് എറണാകുളം ജനറൽ ആശുപത്രിയിൽ ലേ സെക്രട്ടറിയും ട്രഷററുമായും, ജൂനിയർ സൂപ്രണ്ട് ശ്രീ. കെ. ററി. കരുണാകരൻനായരെ താല്ക്കാലികമായി പ്രമോട്ടുചെയ്തു് കോഴിക്കോട് മാനസികാശുപത്രിയിൽ ലേ സെക്രട്ടറിയും ട്രഷററുമായും സ്ഥലം മാററി നിയമിച്ചിരിക്കുന്നു. ഈ പ്രമോഷനുകളെ തുടർന്നു താഴെപ്പറയുന്നവരെ ജൂനിയർ സൂപ്രണ്ടുമാരായി റിവർട്ടുചെയ്തു് സ്ഥലം മാററി നിയമിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രി ലേസെക്രട്ടറി ശ്രീ. എം. പി. രാഘവമേനോനെ കണ്ണൂർ മെഡിക്കലാഫീസിലേക്കും, അവിടെനിന്നു് ജൂനിയർ സൂപ്രണ്ടു് ശ്രീ. എം. സി. ഭാസ്കരനേയും എറണാകുളം ജനറൽ ആശുപത്രി ലേസെക്രട്ടറി ശ്രീ പി. ഐ. ഗോപാലൻ നമ്പ്യാരേയും ഹെൽത്തു് സർവീസസ് ഡയറക്ടറാഫീസിലേയ്ക്കും കോഴിക്കോട്ടു് മാനസികാശുപത്രി ലേസെക്രട്ടറി ശ്രീ. പി. കുഞ്ഞിരാമൻ നായരെ അവിടത്തന്നെ മെഡിക്കൽ ആഫീസിലേയ്ക്കുമാണ് സ്ഥലം മാററിയിട്ടുള്ളതു്.

മരിയ്ക്കാർ മോട്ടോഴ്സ് എംപ്ലോയീസ് യൂണിയൻ

മരിയ്ക്കാർ മോട്ടോഴ്സ് എംപ്ലോയീസ് യൂണിയന്റെ വാർഷികം മേയ് 23-നു നടത്തുന്നതിനു് യൂണിയന്റെ ജനറൽ ബോഡിയോഗം കൂടി തീരുമാനിച്ചിരിക്കുന്നു. വാർഷിക നടത്തിപ്പിനായി ശ്രീ. കെ. കെ. സാമുവൽ കൺവീനറായി ഒരു കമ്മിറ്റിയേയും തിരഞ്ഞെടുത്തിട്ടുണ്ട്.

ശ്രീ. ഇ എം. എസ്. പ്രസംഗിക്കുന്നു

ഇന്നത്തെ രാഷ്ട്രീയസ്ഥിതിഗതികളെ വിശദീകരിക്കുന്നതിനായി കമ്മ്യൂണിസ്റ്റ് പാർട്ടി തിരു: താലൂക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മേയ് 5-ാം-ബുധനാഴ്ച 9 മണിക്ക് പടവങ്ങാടി മൈതാനത്തിൽ കൂടുന്ന പൊതുയോഗത്തിൽ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് പ്രസംഗിക്കുന്നതാണ്.

അനുശോചനം

സുപ്രസിദ്ധ കണ്ണാടക സംഗീത വിദ്വാനായിരുന്ന ശ്രീ. ജി. എൻ. ബാലസുബ്രഹ്മണ്യത്തിന്റെ അകാലനിര്യാണത്തിൽ, പട്ടം ചാരിറ്റബിൾ ഗാനകലാസമിതിയുടെ ഒരു യോഗം അനുശോചനം രേഖപ്പെടുത്തിയിരിക്കുന്നു.

.....

തിരുനാളാഘോഷം

ചമ്പക്കുളം, മെ. 3

ചമ്പക്കുളം കൊങ്ങാക്കൽ കപ്പേളയിലെ വി. യൗസേപ്പുപിതാവിന്റെ തിരുനാൾ സമാപനം നടന്നിരിക്കുന്നു. മൂൻവർഷത്തേതിലും തീർത്ഥാടകർ കൂടുതലായി തിരുനാൾ കുമ്പസാരിൻ പങ്കെടുക്കുകയുണ്ടായി.

(സ്വ. ലേ)

.....

ചക്ക തലയിൽ വീണു മരണമടഞ്ഞു

തളിപ്പറമ്പു്, മെ. 3

ഇതിനടുത്ത തിരുവട്ടൂരംശം വായാട് ദേശത്തുള്ള കണ്ണാരത്തു് വളപ്പിൽആലി എന്നയാൾ ചക്ക തലയിൽ വീണു മരണപ്പെട്ടതായ ഒരു സംഭവം ഉണ്ടായിരിക്കുന്നു.

തന്റെ വളപ്പിൽനിന്നു ചക്ക കയർകെട്ടി താഴെ ഇറക്കുമ്പോൾ കയർ പൊട്ടി ചക്ക തലയിൽ വീഴുകയാണുണ്ടായതു്. ആലി അപ്പോൾതന്നെ ബോധം കെട്ടനിലം പതിച്ചു ഉടൻ തന്നെ ആശുപത്രിയിലേക്കു് എത്തിക്കുവാൻ മുതിർന്നുവെങ്കിലും വഴിക്കുവെച്ചു തന്നെ അയാൾ മരണമടയുകയാണുണ്ടായതു്.

ഇതുസംബന്ധിച്ചു് തളിപ്പറമ്പു് പോലീസിൽ വിവരം കിട്ടിയതനുസരിച്ചു തളിപ്പറമ്പു് സബ്ബ് ഇൻസ്പക്ടർ സ്ഥലത്തുചെന്നു് ഇൻക്വസ്റ്റിനുശേഷം മൃതദേഹം ബന്ധുകൾക്കു് വിട്ടുകൊടുത്തു.

(സ്വ ലേ)

പി. ഡബ്ളിയു. ഡി. സ്റ്റാഫ് ക്ലബ്ബ് വാർഷികം

ഗുരുവായൂർ, മേ. 2

പി. ഡബ്ളിയു. ഡി. സ്റ്റാഫ് ക്ലബ്ബിന്റെ 5-ാം വാർഷികവേദനാടുചിച്ചു പൊതുസമ്മേളനം ഇന്നലെ ഉച്ചതിരിഞ്ഞ് ഫോട്ടോയർ സക്കീം സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ എച്ച്. നാലകണ്ടയ്യരുടെ അദ്ധ്യക്ഷതയിൽ ടൗൺഹാളിൽവച്ചുനടന്നു. ക്ലബ്ബിന്റെ മുൻ പ്രസിഡണ്ടു് ശ്രീ കെ. ആർ. മേനോൻ (സൂപ്രണ്ടിംഗ് എഞ്ചിനീയർ, ബി. ആൻഡ് ആർ., ആലുവാ) സ്വാഗതപ്രസംഗവും, വൈസ് പ്രസിഡണ്ടു് ശ്രീ എ. ടി. ദേവസ്സി (എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചാലക്കുടി) നന്ദിപ്രകടനവും നടത്തി. യോഗത്തിൽ, സിക്രട്ടറി എ. യു. ബാലകൃഷ്ണൻ ക്ലബ്ബിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളടങ്ങിയ റിപ്പോർട്ടു് സമർപ്പിച്ചു. ശ്രീ ടി. എൻ. ജയദേവൻ (ഡി. ഇൻ. കാഫീസർ) പ്രസംഗിച്ചു. കായികമത്സരങ്ങളിലേടയും മാരും സമ്മാനദാനവും അദ്ധ്യക്ഷൻ നിർവ്വഹിച്ചു. കലാപരിപാടികളും സുപ്രസിദ്ധ സിനിമാനടനായ തിക്കുറിശ്ശി സുകുമാരൻനായർ ഉൽഘാടനംചെയ്തു. നേരത്തെ കൺവീനർ ശ്രീ ടി. ജെ. ആൻറണി അദ്ദേഹത്തെ ഹാരാർപ്പണം ചെയ്തു സ്വീകരിച്ചു. സ്റ്റീവിഗോൺറെ 'കാർമേഘം' എന്ന ഏകാങ്കവും പുരുഷവിഭാഗത്തിന്റെ തിരുക്കുന്ന കടൽ' എന്ന നാടകവും കലാപരിപാടികളിലെ മുഖ്യ ഇനങ്ങളായിരുന്നു.

—

ജനസംഘം യോഗം

ഗുരുവായൂർ, മെ. 3

ഭാരതീയ ജനസംഘം ഗുരുവായൂർ ജില്ലാ പ്രവർത്തകരുടെ ഒരു സമ്മേളനം ഗുരുവായൂരിൽ വെച്ച് അഡ്വ: ശേഖരന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമ്മേളനത്തിൽ കേരള പ്രദേശ് പ്രവർത്തകസമിതിയുടെ പ്രതിനിധിയായി കെ. കൃഷ്ണൻകുട്ടിയും കെ. വി. ശ്രീധരൻമാസ്റ്ററും സക്കാരിന്റെ പരാജയം ജനങ്ങളെ പഠിപ്പിക്കാൻ ഒരു പഠിപാടിയും യോഗം അംഗീകരിച്ചു.

.....

നിയമനങ്ങൾ

ഇരിങ്ങാലക്കുട, മെ. 2

ഇരിങ്ങാലക്കുട ഫക്കയിൽപ്പെട്ട പഴയന്നൂർ അതിർത്തികളിലെ റേഷനിങ്ങ് ആഫീസറായി ജോസഫ് തൊമ്മനിനെ നിയമിച്ചിരിക്കുന്നു.

ഇവിടത്തെ ഹെഡ് കൺസ്യൂബിറ്റം ബാലചന്ദ്രനെഴുത്തച്ഛനെ ചാലക്കുടി സപ്ലൈ ഓഫീസ് ഹെഡ് കൺസ്യൂബിറ്റമായി മാററിയിരിക്കുന്നു. കൂടാതെ ഏതാനും പോലീസ് കൺസ്യൂബിറ്റമാരേയും വിവിധ സ്ഥലങ്ങളിലേക്കായി മാറ്റിയിട്ടുണ്ടു.

കാട്

പൂരത്തിന് കൂടുതൽ പഞ്ചസാരയും അരിയും

(സ.പ്ര.) തൃശ്ശൂർ മെയ് 4

തൃശ്ശൂർ പൂരാഘോഷം സംബന്ധിച്ച് തൃശ്ശൂർ മുനിസിപ്പൽ പ്രദേശത്തുള്ള എല്ലാ പഞ്ചസാരകാർഡുടമകൾക്കും അവക്ക് ഒരു മാസത്തേക്ക് നിശ്ചയിച്ചിട്ടുള്ള പഞ്ചസാരക്കോട്ടയുടെ അമ്പതു ശതമാനം കൂടുതൽ വീതരണം ചെയ്യുന്നതാണെന്ന് ജില്ലാ കലക്ടർ ഒരു അറിയിപ്പിൽ പറയുന്നു. മേയ് മാസത്തേക്കുള്ളതും പൂരത്തിനു കൂടുതലായി അനുവദിച്ചിട്ടുള്ളതുമായ പഞ്ചസാര, കാർഡുകിട്ടുമ്പോൾ ഒരുമിച്ചോ, ഭാഗികമായോ, അതാതു റേഷൻ ഷാപ്പുകളിൽനിന്ന് ഉടൻതന്നെ വാങ്ങാവുന്നതാണെന്നും, പൂരാവശ്യത്തിനു പഞ്ചസാരക്ക സ്പെഷൽ പെർമിറവും താലൂക്ക് സപ്ലൈ ആഫിസറിൽനിന്നും ലഭിക്കും.

പൂരത്തിന്റെ എഴുന്നെള്ളിപ്പും വെടിക്കെട്ടും

തൃശ്ശൂർപൂരത്തിനുള്ള എഴുന്നെള്ളിപ്പുകളും വെടിക്കെട്ടും സംബന്ധിച്ചുള്ളനിബന്ധനകൾ തൃശ്ശൂർ എക്സിക്യൂട്ടീവ് ഓഫിസർ മജിസ്ട്രേട്ട് കൂടിയായ വൈനുപ്പു ഡിവിഷനൽ ഓഫീസർ പ്രസിദ്ധം ചെയ്തിരിക്കുന്നു. ഇതനുസരിച്ച് കണിമംഗലംപൂരം മേയ് 9_ാംതീയതിരാവിലെ എഴുരമണിക്ക് ആരംഭിച്ച് എട്ടരമണിക്ക അവസാനിക്കുന്നതും രാത്രി 8 മണിക്ക് ആരംഭിച്ച് 9 മണിക്ക് അവസാനിക്കുന്നതും, ചെമ്പുക്കാവുപൂരം രാവിലെ 8 മണിക്കാരംഭിച്ച് 9 മണിക്കവസാനിക്കുന്നതും, രാത്രി എട്ടരമണിക്കാരംഭിച്ച് ഒമ്പതരമണിക്കവസാനിക്കുന്നതും, കാരമുക്ക്പൂരം രാവിലെ എട്ടരമണിക്കാരംഭിച്ച് ഒമ്പതരമണിക്കവസാനിക്കുന്നതും, രാത്രി 9 മണിക്കാരംഭിച്ച് 10 മണിക്കവസാനിക്കുന്നതും, ലാലൂർപൂരം കാലത്തു 9 മണിക്കാരംഭിച്ച് 10 മണിക്കവസാനിക്കുന്നതും രാത്രി ഒമ്പതരമണിക്കാരംഭിച്ച് പത്തരമണിക്കവസാനിക്കുന്നതുമായിരിക്കും മൂരക്കോട്ടുകാവുപൂരം മേയ് 9 ംതീയതി രാവിലെ ഒമ്പതരമണിക്കാരംഭിച്ച് 11 മണിക്കവസാനിക്കുന്നതും രാത്രി 10 മണിക്കാരംഭിച്ച് 12 മണിക്കവസാനിക്കുന്നതും അയ്യന്തോൾ പൂരം രാവിലെ 10 മണിക്കാരംഭിച്ച് ഉച്ചക്ക് 12 മണിക്കവസാനിക്കുന്നതും രാത്രി 11 മണിക്കാരംഭിച്ച് 1 മണിക്കവസാനിക്കുന്നതും നെയ്തലക്കാവുപൂരം രാവിലെ 11 മണിക്കാരംഭിച്ച് ഉച്ചക്ക് ഒരു മണിക്കവസാനിക്കുന്നും, രാത്രി 12 മണിക്കാരംഭിച്ച് രണ്ടു മണിക്കവസാനിക്കുന്നതുമാണ്. പാറമേക്കാവുപൂരം 9 ംതീയതി രാവിലെത്തു പതിനേഴര മണിക്ക

മാർക്കറ്റ്

മെയ് 3

തൃശ്ശൂർ

വെളിച്ചെണ്ണ (കൊപ്രയിൽനിന്ന്)	കിലോ	350_00
കൊപ്ര പുകയാത്ത	,,	240_00
കൊപ്ര പുകയുള്ള	,,	60_00
കൊപ്രപ്പൊടി	,,	370_00
വെളിച്ചെണ്ണ	,,	80_00
വെളിച്ചെണ്ണ	,,	....
കടുക്	,,	....
ഉലുവ	,,	....
മഞ്ഞൾ	,,	....
മുളകുപൊടി	,,	....
മുളകുപൊടി മൂർ (20 കിലോ)		....
മുളകുപൊടി	,,	....
മല്ലിപ്പൊടി മൂർ (50 കിലോ)		....
മല്ലിപ്പൊടി	,,	....
ഉഴുന്നുപരിപ്പ്	,,	....
പയറുപരിപ്പ്	കിലോ	....

ആലപ്പുഴ

വെളിച്ചെണ്ണ	കിന്റാൽ (ക്ലീൻ)	450_00
കൊപ്രപ്പാള		342=00
ഒന്നാം അവുധി	,,	336_25
രണ്ടാം അവുധി	,,	331_25
കൊപ്ര പുകയാത്ത	,,	240_00
കൊപ്ര പുകയുള്ള	,,	245_00
കൊപ്രപ്പിണ്ണാക്ക്	,,	61_50
കൊപ്രപ്പിണ്ണാക്ക്	പാലാ	384_05
കൊപ്രപ്പൊടി	,,	380_00
ഒന്നാം അവുധി	,,	342_00
രണ്ടാം അവുധി		400_00
കടുക്		420_00
മഞ്ഞൾ		130_00
മുളകു പക്ക്		400_00
മുളകുപൊടി		130_00
,,	അലപ്പാടൻ	115_00
,,	ആറാട്ടുപുഴ	110_00
,,	അഷ്ടമുടി	90_00
,,	മഞ്ചാടൻ	115_00

കൊച്ചി

വെളിച്ചെണ്ണ	(കിൻറലിന്)	390_00
കൊപ്ര പുകയാത്ത		265_00
കൊപ്ര പുകയുള്ള		275_00
കൊപ്രപ്പിണ്ണാക്ക്		60_00
കൊപ്രപ്പൊടി		365_00
കടുക്		600_00
മഞ്ഞൾ		340_00
മുളകുപൊടി		320_00
മല്ലിപ്പൊടി		600_00
ഒന്നാം അവുധി		337_25
രണ്ടാം അവുധി		333_75
വരവ് മേനി		340_00
വെളിച്ചെണ്ണ		110_00
കൊപ്രയുണ്ട		110_00

കോഴിക്കോട്

കൊപ്ര [നാടൻ]		360_00
,,	വൈനാടൻ	375 00
കടുക്		330_00
,,	ഏറാവും നല്ലതു്	340_00
കൊപ്ര [കാഫീസ്]		225_00
,,	ഡിൽബാബു്	280_00
വെളിച്ചെണ്ണ		390_00

....

Printed and Published by Paul Mappila for the A. C. P. Institute at the Thozhilali Press Trichur

നെഹ്രുസ്മാരകഗ്രന്ഥം പുറത്തിറക്കി

ന്യൂഡൽഹി മേയ് 4

ഭാരതീയ സംസ്കൃതി ഭവൻ കഴിഞ്ഞവർഷം നടത്തിയ നെഹ്രുസ്മാരക പ്രസംഗങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സ്മാരകഗ്രന്ഥം ഉപരാഷ്ട്രപതി ഡോ: സക്കീർഹുസൈൻ ഇന്നലെ വൈകുന്നേരം നടന്ന ഒരു ചടങ്ങിൽവെച്ച് പുറത്തിറക്കിയിരിക്കുന്നു. ചടങ്ങുകൾക്ക് ആരംഭിച്ചതു് ഉപരാഷ്ട്രപതി നെഹ്രുവിന്റെ പ്രതിമയിൽ ഹാരാർപ്പണം നടത്തിക്കൊണ്ടാണ്.

ഹുമയൂൺകബീർ, അശോക്സെൻ, മിസ്സിസ് രാമേശ്വരിനെഹ്രു തുടങ്ങിയവർ ഈ അവസരത്തിൽ ദിവംഗതനായ നേതാവിനെ പ്രകീർത്തിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി.

അനേകം നയതന്ത്രപ്രതിനിധികളും പാർലമെൻറ് മെമ്പർമാരും ചടങ്ങിൽ സംബന്ധിച്ചു.

....

ടണീഷ്യൻ എമ്പസി ഉദ്യോഗസ്ഥന്മാർ സ്ഥലംവിട്ടു

റോയിട്ടർ കെയ്റോ, മേ. 4

ടണീഷ്യൻ ഗവമെണ്ടിന്റെ തീരുമാനമനുസരിച്ച് ഇവിടെയുള്ള ടണീഷ്യൻ എമ്പസിയിലെ ഉദ്യോഗസ്ഥന്മാർ അവരുടെ കുടുംബാംഗങ്ങൾ സ്ഥലംവിട്ടിരിക്കുന്നു. അമ്പാസിഡർ മി. മൊഹമ്മദ് ബഹ്ര കഴിഞ്ഞ വ്യാഴാഴ്ച ടണീഷ്യയിലേക്ക് പോയി.

—

വൈസ് ചാൻസലറുടെ മൃതദേഹം കൊണ്ടുപോകാൻ ശവപ്പെട്ടിയുമായി വന്ന

അലിഗാർ കഴപ്പത്തെപ്പറ്റി കേന്ദ്രമന്ത്രി ഖേദം

[പി. ടി. ഐ] ന്യൂഡൽഹി, മെയ് 4

അലിഗാർ മുസ്ലീം സർവ്വകലാശാലയിൽ ഈയ്യിടെ നടന്ന കഴപ്പങ്ങൾക്ക് കാരണം വർഗ്ഗീയ പ്രവണതകളാണെന്നും വൈസ് ചാൻസലറുടെ വധമായിരുന്നു അവരുടെ ലക്ഷ്യമെന്നും കേന്ദ്ര വിദ്യാഭ്യാസമന്ത്രി എം. സി. ഛഗ്ല ഇന്ന് രാജ്യസഭയിൽ പ്രസ്താവിച്ചു.

വാസ്തവത്തിൽ അവർ ഒരു ശവപ്പെട്ടിയും കൊണ്ടുവന്നിരുന്നു. പക്ഷേ, വൈസ് ചാൻസലർ അത്ഭുതകരമായി രക്ഷപ്പെട്ടു.

ഈ വഗ്ഗീയ പ്രവണതയെ തുടച്ചുനീക്കാൻ തീരുമാനിച്ചിരിക്കയാണെന്ന് ഛഗ്ല പ്രഖ്യാപിച്ചു.

എ. ഡി. മണിയുടെയും മറ്റ് കൺപതു പേരുടെയും കൊലയിൽ പ്രതിഷേധിക്കൽ പ്രമേയത്തിന് മറുപടി പറയുകയായിരുന്നു ഛഗ്ല.

—

യുവജനസംഘം വാർഷികം

മരത്താക്കര, മേയ് 4

മരത്താക്കര യുവജനസംഘത്തിന്റെ 11_ാം വാർഷികസമ്മേളനം മരത്താക്കര കാർഷികനഗറിൽവച്ച് കെ. ജെ. മേനോൻ ഉൽഘാടനംചെയ്തു. പുത്തൂർ പഞ്ചായത്തു് പ്രസിഡണ്ടു് ലോനപ്പൻ അദ്ധ്യക്ഷത വഹിച്ചു. പി. ആർ. ഫ്രാൻസീസ്, കെ. പി. ജോജ്ജ് ബി. എ. [ഗ്രാമസേവകൻ], കെ. രാമദാസ് മുതലായവർ പ്രസംഗിച്ചു.

സമ്മേളനാനന്തരം യുവജനസംഘം സീനിയർ വിഭാഗം 'ഭ്രാതാക്കൾ' എന്ന നാടകവും, ജൂനിയർ വിഭാഗം 'പുതിയ നിരത്തു്', 'ചങ്ങാതിമാർ' എന്നീ പ്രഹസനങ്ങളും അവതരിപ്പിച്ചു.

—

നാവിഗേഷൻ സിംപോസിയം ആരംഭിച്ചു

എറണാകുളം മെയ് 4

നാവിഗേറർമാരുടെ ആദ്യത്തെ സിമ്പോസിയം, കൊച്ചിയിലെ കമ്മഡോർ ഇൻ_ചാർജ് കമ്മഡോർ ജി. എസ്. കപൂർ നാവികത്തലവന്മാരിലെ നാവിഗേഷൻ ഡയറക്ഷൻ സ്റ്റാഫിൽ ഇന്നലെ ഉൽഘാടനം ചെയ്തു. നാലുദിവസം നീണ്ടുനിൽക്കുന്ന ഈ സിമ്പോസിയത്തിൽ ഇന്ത്യൻ നാവികസേനയിലെയും കച്ചവടക്കപ്പലുകളിലെയും അനേകം നാവിഗേഷൻ സ്പെഷ്യലിസ്റ്റുകൾ പങ്കെടുക്കുന്നുണ്ട്.

നാവികസേനയും കച്ചവടക്കപ്പൽ സമൂഹവും അടുത്തു സഹകരിച്ചു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യം, ഉൽഘാടനപ്രസംഗത്തിൽ കമ്മഡോർ കപൂർ ഊന്നിപ്പറഞ്ഞു. രണ്ടു കൂട്ടരുടേയും വിപുലവും വൈവിധ്യമേറിയതുമായ അനുഭവജ്ഞാനം പരസ്പരം കൈമാറാൻ ഇതു സഹായിക്കും. നാവിഗേഷൻ_ഡയറക്ഷൻ ശാഖ നാവികസേനയിൽ ജീവൽപ്രധാനമായ പങ്കാണ് വഹിക്കുന്നതെന്നു് അദ്ദേഹം പറഞ്ഞു. നാവിഗേഷനുമായി ബന്ധമില്ലാത്ത ഒരു കാര്യമില്ല കപ്പലിനു് കടലിലെന്നു് കമ്മഡോർ ചൂണ്ടിക്കാട്ടി. കഴിഞ്ഞ രണ്ടു ദശകങ്ങളിലെ സാങ്കേതിക പുരോഗതി, സുരക്ഷിതമായ നാവിഗേഷനെ വിപുലീകരിക്കുന്നതിനു വേണ്ടി കൂടുതൽ സഹായിച്ചിട്ടുണ്ടെന്നു് അദ്ദേഹം പ്രസ്താവിച്ചു.

പ്രതിനിധികളെ സ്വാഗതം ചെയ്തുകൊണ്ട്, നാവിഗേഷൻ ഡയറക്ഷൻ സ്കൂളിന്റെ മുതൽ വഹിക്കുന്ന കമാണ്ടർ ആർ. പി. വന്നു, സ്കൂളിന്റെ ചരിത്രം സ്വാമായി അവലോകനം ചെയ്തു കയും വിവിധതരം ആഫീസർമാക്കും നാവികർക്കും അവിടെ നൽകിവരുന്ന പരിശീലനത്തിൽ വിശദവിവരങ്ങൾ നൽകുകയും ചെയ്തു. മീൻപിടിത്തക്കാക്കവേണ്ടിയും സ്കൂൾ നാവിഗേഷനിൽ ഹ്രസ്വകാല പരിശീലന കോഴ്സുകൾ നടത്തുന്നുണ്ട്.

—

"ഗോവ" മോസ്കോ ചലച്ചിത്രോത്സവത്തിലേക്ക്

ന്യൂഡൽഹി മെയ് 4

1965 ജൂലൈ 5_ാംതീയതി മോസ്കോവിൽ ആരംഭിക്കുന്ന നാലാമതു് അന്താരാഷ്ട്രീയ ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കുന്നതിന് ഫിലിംസ് ഡിവിഷന്റെ 'ഗോവ' എന്ന ഡോക്യുമെണ്ടറി തിരഞ്ഞെടുത്തിരിക്കുന്നു.

—

കത്തോലിക്കാ കോൺഗ്രസ്: പ്രവർത്തകരുടെ മഹായോഗം

ചമ്പക്കുളം മെ. 3

ചമ്പക്കുളം കല്ലൂർക്കാട്ടു മെത്രാനായതോടെ പാരിധിയിലുള്ള കത്തോലിക്കാ കോൺഗ്രസ്സ് ശാഖകളിലെ പ്രവർത്തകരുടെയും അനുഭാവികളുടെയും ഒരു മഹായോഗം സംഘടന ശക്തിപ്പെടുത്തുക മുന്നിലക്ഷ്യം വച്ചുണ്ടു് പിരിയുക എന്നീ കാര്യങ്ങളെക്കുറിച്ച് സ്ഥലം സെൻറ് മേരീസ് ഹാളിൽ ചേർന്നു. ആലോചന നടത്തിയിരിക്കുന്നു. അഡ്വ: വി. ജെ. കുര്യൻ വള്ളാറ (ആലപ്പുഴ) യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു.

കത്തോലിക്കരുടെ സാമൂഹ്യവും, സാമ്പത്തികവും, സംസ്കാരികവുമായ പുനരുദ്ധാരണത്തിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ്സ് പടുത്തുയർത്തണമെന്ന ലക്ഷ്യത്തിലാണ് മൂന്നു ലക്ഷംരൂപ പിരിവിനു തുടക്കം കൊടുത്തതെന്നും, ഉദ്ഘാടനപ്രസംഗത്തിൽ മെത്രാൻ പ്രസ്താവിച്ചു. സമ്മേളനത്തിൽ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും, സംഘടനാ ഭാരവാഹികളും പങ്കെടുത്തു.

തൃശ്ശൂർ വാർത്തകൾ

[സ.പ്ര.] മേയ് 3

കിണറ്റിൽ വീണ് പരിക്കേറ്റു

വെള്ളംകോരുന്നതിനിടയിൽ തുടികാൽ മുറിഞ്ഞ് കിണറ്റിൽവീണ് പരിക്കേറ്റനിലയിൽ തിരുവിൽനിന്ന് കാരവീട്ടിൽ ബാലൻ മകൾ ലക്ഷ്മി (16) എന്ന പെൺകുട്ടിയെ ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

കാറുമുട്ടി പരിക്കേറ്റു

മുവാറയിൽവെച്ച് ഒരു കാറ് മുട്ടിയതിനെ തുടർന്ന് പരിക്കേറ്റനിലയിൽ താഴത്തെവളപ്പിൽ കാവുപ്പൻ ഭാര്യ കാളി (55) എന്ന സ്ത്രീയെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

ലോറിയും വാനും കൂട്ടിമുട്ടി

ഒരു ലോറിയും വാനും തമ്മിൽ അങ്കമാലിയിൽവെച്ച് കൂട്ടിമുട്ടിയതിന്റെഫലമായി ബേബി (20) ജോസ് (21) എന്നീ രണ്ടുപേരെ തൃശ്ശൂർ ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

ടെല: എൻജിനീയറിംഗ് എംപ്ലോ: യൂണിറ്റ്

ആൾ ഇന്ത്യാ ടെലഗ്രാഫ് എൻജിനീയറിംഗ് എംപ്ലോയീസ് യൂണിയൻ ലൈൻ സ്റ്റാഫ് ഏൻറ് ക്ലാസ്സ് 4 തൃശ്ശിവപേരൂർ ഡിവിഷണൽ ബ്രാഞ്ച് കഴിഞ്ഞ ദിവസം അതിന്റെ വാർഷികസമ്മേളനം ചേരുകയും, അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളായി തോമസ്, ധനപാൽ, പി. എ. അനിരുദ്ധൻ, എം. ആർ. ഗോപിനാഥൻ, എൻ. ചന്ദ്രശേഖരൻ, എം. കുട്ടൻ, സി. കെ കരുണാകരൻ എന്നിവർ യഥാക്രമം പ്രസിഡൻറ്, വൈസ്പ്രസിഡണ്ട്, സിക്രട്ടറി, അസിസ്റ്റൻറ് സിക്രട്ടറി, ട്രഷറർ, അസിസ്റ്റൻറ് ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിരിക്കുന്നു.

സീറോയിൽനിന്ന് ഫ്രാൻസ് പിണങ്ങിപിരിയുന്നു

അമേ. നയത്തോട് രൂക്ഷമായ എതിർപ്പ്

(റോയിട്ടർ) ലണ്ടൻ, മേയ് 3

സീറോ ഉടമ്പടി രാഷ്ട്രങ്ങളുടെ ഒരു യോഗത്തിൽവച്ച് വിയറാ_നാംപ്രശ്നത്തെപ്പറ്റിയുള്ള ഫ്രാൻസ് അതിനോടുള്ള സഖ്യകക്ഷികളുമായി പരസ്യമായി തെറ്റിപ്പിരിഞ്ഞിരിക്കുന്നു.

സീറോയിലെ മാറ് അംഗരാഷ്ട്രങ്ങളുമായി ഫ്രാൻസിനു് വിയറാ നാംപ്രശ്നത്തെ സംബന്ധിച്ചോ അതോ യോജിപ്പിലെത്താൻ സാധ്യമല്ലെന്നു് ഫ്രഞ്ചു് നിരീക്ഷകനായ മി. അക്കീല്ലി ക്ലാരക് സീറോ മിനിസ്റ്റീരിയൽ കൗൺസിൽ യോഗത്തിൽ തുറന്നടിച്ചു പറഞ്ഞു.

കഴിഞ്ഞവർഷം മാനിലായിൽ നടന്ന സീറോ യോഗത്തിലുണ്ടായ വിയറാ നാംപ്രശ്നമുൾപ്പെടെയുള്ള ഫലപ്രദമായ ചർച്ചകളെപ്പോലെതന്നെ ഇതും ഫലപ്രദമാകുമെന്നു് അദ്ദേഹം പറഞ്ഞു.

യോഗത്തിനു അദ്ധ്യക്ഷതവഹിച്ച ബ്രിട്ടൻറെ വിദേശകാര്യസെക്രട്ടറി മൈക്കിൾ സ്റ്റുവാർട്ട് ഫ്രാൻസിന്റെ നിലപാടിൽ ഖേദംപ്രകടിപ്പിച്ചു.

അമേരിക്ക

വിയറാ നാം സംഘട്ടനം അവസാനിപ്പിക്കാൻ അത്യുന്നതമായ കരാറിൽ വാഷിംഗ്ടൺ ഏതെങ്കിലുമൊരു ഘട്ടത്തിലും എത്തിച്ചേർന്നതായി അമേ സ്റ്റേറാ അമ്പർ സെക്രട്ടറി ജോർജ്ജ് ബോൾ നേരത്തെ പറഞ്ഞു. മനഃപൂർവ്വം ചമച്ച ഒരു അക്രമണമാണിതു്. ഇതു് ഒരു ആഭ്യന്തരയുദ്ധമാണെന്നു് വരുത്തിത്തീർക്കാൻ കമ്മ്യൂണിസ്റ്റുകൾ ശ്രമിക്കുന്നുണ്ട്. പക്ഷേ അതു് വെറും പൊള്ളയാണു്.

വിൽസൺ

ബ്രിട്ടീഷ് പ്രധാനമന്ത്രി ഹരോൾഡ് വിൽസൺ സമ്മേളനം ഔപചാരികമായി ഉൽഘാടനംചെയ്തു. വിയറാ നാംപ്രശ്നം, ഇൻഡോനേഷ്യൻ_മലയേഷ്യൻ തർക്കം എന്നിവയ്ക്ക് കൂടിയാലോചനവഴി അന്തസ്സായ പരിഹാരം കാണാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

ദക്ഷിണപൂർവ്വേഷ്യയിൽ സമാധാനത്തിനുള്ള ശത്രുക്കളുടെ മുന്നേറ്റത്തെ തടയാൻ സീറോ അംഗങ്ങളായ ബ്രിട്ടൻ, പ്രാൻസ്, ന്യൂസിലാൻറ്, പാകിസ്ഥാൻ, ഫിലിപ്പൈൻസ്, തായ്ലാൻറ്, അമേരിക്ക, ആസ്ട്രേലിയാ എന്നിവയുടെ വിദേശമന്ത്രിമാർ ആഹ്വാനം ചെയ്തു.

ഫ്രാൻസ്

തായ്ലണ്ടിലെ ഫ്രഞ്ചു് സ്ഥാനപതിയായ ക്ലാരക്കിന്റെ പ്രസ്താവന മാറ പ്രതിനിധികളെ അത്ഭുതപ്പെടുത്തി. വിയറാ നാമിൽ അമേരിക്ക അനാവശ്യത്തിക്കുന്ന നയങ്ങളെ അദ്ദേഹം ശക്തിയായി എതിർത്തു. നിസ്സഹായാവസ്ഥയെ പ്രാപിച്ചിരിക്കുന്ന ഗുരുതരമായ ഈ വിഷയത്തെ സംബന്ധിച്ചു് അംഗരാഷ്ട്രങ്ങളുടെ ഒരു പൊതുവായ നിലപാടോ സംയുക്തനീക്കമോ ഇപ്പോഴില്ലെന്നും ഇനി സാധ്യമല്ലെന്നും ക്ലാരക് പറഞ്ഞു. 1954_ലേയും 1962_ലേയും ജനീവാക്കരാറുകളുടെ അടിസ്ഥാനത്തിൽ ഇൻഡോ_ചൈനാ പ്രശ്നത്തിനു് ഒരു പരിഹാരം കാണണമെന്നതിനാണ് ഫ്രാൻസിനു താല്പര്യമെന്നും ക്ലാരക് തുടർന്നുപറഞ്ഞു.

ബ്രിട്ടൻ

മലയേഷ്യയ്ക്കു് പിന്തുണ നൽകാനുള്ള ബ്രിട്ടൻറെ ദൃഢനിശ്ചയത്തെ ബ്രിട്ടൻറെ പ്രതിനിധി സ്റ്റീവാട്ട് ഉന്നിപ്പറഞ്ഞു. അന്തസ്സാരരഹിതനും നീതിബോധമുള്ള ഏതൊരു മനുഷ്യനും അംഗീകരിക്കുന്ന വ്യവസ്ഥകൾ സ്വീകരിക്കാൻ ഇന്തോനേഷ്യയും വടക്കൻ വിയറാ നാമും മുന്നോട്ടുവന്നാൽ മാത്രമേ സമാധാനം ഭദ്രമാക്കപ്പെടുകയുള്ളൂ.

തായ്ലണ്ടു്

തായ്ലണ്ടു് വിദേശകാര്യമന്ത്രി താനാട്ട് കോമൻ അമേരിക്കയുടെ വിയറാ നാം നയത്തെ ശക്തിയായി പിന്താങ്ങി. ദക്ഷിണവിയറാ നാമിനെറ പ്രതിരോധത്തിനുവേണ്ടി ത്യാഗങ്ങൾ സഹിക്കാൻ അമേരിക്ക മുന്നോട്ടുവന്നില്ലെങ്കിൽ പങ്കേതന്നെ ദക്ഷിണവിയറാ നാം കമ്മ്യൂ. പിടിയിൽ അമർന്നുപോയേനേയെന്നു് അദ്ദേഹം പറഞ്ഞു.

....

എറണാകുളത്തെ എൻ സി സി. കൃത്യം കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ കേഡറകൾ സംബന്ധിക്കുന്നു

എറണാകുളം മെ. 4

എറണാകുളത്തെ മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നേവൽ യൂണിറ്റ് എൻ. സി. സി. യുടെ ജൂനിയർ ഡിവിഷൻ ട്രപ്പുകളുടെ വാർഷികപരിശീലനക്യാമ്പ് ഇവിടെ ഗവമ്മേണ്ടു് ഗേൾസ് ഹൈസ്കൂളിൽ നടന്നവരുന്നു. കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 602 കേഡറകളും 13 ആഫീസർമാരും ഇതിൽ സംബന്ധിക്കുന്നുണ്ട്.

കേരളത്തിലെ എൻ. സി. സി. നാവികവിഭാഗത്തിനുവേണ്ടി ഇക്കൊല്ലം നടത്തുന്നതായ ക്യാമ്പുകളിൽ മൂന്നാമത്തേതാണിതു്. കമാണ്ടർ കെ. ആർ. രാഘവനാണ് ഇതിന്റെ മുതല.

....

എൽസാൽവഡോറിൽ ഭൂചലനംമൂലംവമ്പിച്ചനാശം

സാൻ സാൽവഡോർ, (എൽസാൽവഡോർ) മെ. 4

ഇന്നലെ ഉണ്ടായ ഒരു ഭൂമികുലുക്കത്തെ തുടർന്ന് തുരുത്തിയതു് നൂറുപേരെങ്കിലും മൃതിയടഞ്ഞിട്ടുള്ളതായി ദേശീയ അടിയന്തിരാവസ്ഥാകമ്മറ്റി റിപ്പോർട്ടുചെയ്തിരിക്കുന്നു. 300_ൽ അധികം പേർക്ക് ഗുരുതരമായി പരുക്കേറ്റിട്ടുണ്ട്. നാലായിരം വീടുകൾ തകർന്നിട്ടുള്ളതായും പ്രഥമ റിപ്പോർട്ടിൽ പറയുന്നു.

തലസ്ഥാനത്തിനു് പരിസരങ്ങളിലുള്ള ഗ്രാമങ്ങളെയാണ് ഭൂമികുലുക്കം കൂടുതൽ ബാധിച്ചതു്. എൽകാഒ ഗ്രാമത്തിലെ പകുതി വീടുകളും നശിച്ചപോയിരിക്കുന്നു. സിറിയിലെ ആസ്സൂത്രികളിൽ പരുക്കേറ്റവർ നിറഞ്ഞിരിക്കുന്ന പ്രസിഡണ്ടു് ജൂലിയൊ അസൽബെർട്ടെ റിവെറ, രാജ്യത്തെങ്ങും അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലുള്ള വാർത്താവിനിമയ സൗകര്യങ്ങളും കഴപ്പത്തിലായിട്ടുണ്ട്. ഇലോഹുക്കൊ എന്ന അന്തർദേശീയ വിമാനത്താവളം തല്ക്കാലത്തേക്കു് പൂട്ടിയിടിരിക്കുന്നു. സിറിയിക്കടുത്തുള്ള ഇലോവാങ്കൊ തടാകം കവിഞ്ഞൊഴുകിയതിനെ തുടർന്ന് ഒരു ഗ്രാമംതന്നെ തിന്നുടിയിലായിസിറിയിലെനാലൊ അഞ്ചൊകെട്ടിടങ്ങൾക്കു് മാത്രമേ നാശം സംഭവിച്ചിട്ടുള്ളൂ.

സ്ഥിതിഗതികൾ നേരിട്ടറിഞ്ഞതിനെപ്പറ്റി ആലോചിക്കുന്നതിനായി പ്രസിഡണ്ടു് റിവേറ, തന്റെ മന്ത്രിസഭയുടെ അടിയന്തിരയോഗം വിളിച്ചുകൂട്ടിയിരിക്കുകയാണു് കൊള്ളകൾ തടയുന്നതിനായി പട്ടാളത്തേയും പ്രത്യേകപോലീസ് വിഭാഗത്തേയും തെരുവുകളിൽകാവൽനിൽത്തിയിരിക്കുന്നു. ബാങ്കുകളും കടകളും മാറ്റ വ്യാപാരങ്ങളുമെല്ലാം അടച്ചിട്ടിരിക്കുന്നു. സാന്റോതോമസ്, സാൻമാർകോസ് എന്നിവ ഉൾപ്പെടെ മാറ്റ നഗരങ്ങൾക്കും ഭൂചലനം മൂലം നാശങ്ങളും സംഭവിച്ചിട്ടുണ്ട്.

(റോയിട്ടർ)

കമ്പോഡിയ അമേരിക്കയുമായി നയതന്ത്ര ബന്ധം വിച്ഛേദിക്കുന്നു

ഫ്നോംപെ മേ 4

അമേരിക്കയുമായുള്ള നയതന്ത്ര ബന്ധങ്ങളും വിച്ഛേദിക്കുവാൻ കമ്പോഡിയ തീരുമാനിച്ചതായി രാജ്യത്തലവനായ സിഹാനൌക് രാജകുമാരൻ ഒരു പ്രക്ഷേപണപ്രസംഗത്തിൽ വിജ്ഞാപനം ചെയ്തിരിക്കുന്നു.

(റോയിട്ടർ)

ഗ: വിയറാ നാം ഡെ. പ്രധാനമന്ത്രി ഇന്ത്യയിലെത്തുന്നു

പി ടി ഐ ന്യൂഡൽഹി, മേ. 3

ദക്ഷിണവിയറാ നാം ഡെപ്യൂട്ടി പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ മി. ടാൻവാൻസാ മേയ് ആറാംതീയതി നാലുദിവസത്തെ സന്ദർശനാർത്ഥം ഇവിടെ എത്തിച്ചേരുന്നതാണ് വിയറാ നാം സ്ഥിതിഗതികളെപ്പറ്റി അദ്ദേഹം ഇന്ത്യാഗവർമ്മെണ്ടുമായി സംഭാഷണം നടത്തും.

—

ഗ്രസ്തിക്കാരനെ ആക്രമിച്ചു

പി ടി ഐ റൈപൂർ, മേ. 4

സ്ഥലത്തെ ഒരു ഗ്രസ്തിക്കാരനായ ബിഹാരിലാൽ കൈകൊക്ക് പരുക്കേറെ നിലയിൽ ആസ്പത്രിയിൽ പ്രവേശിച്ചിരിക്കുന്നു.

താൻ ഉറങ്ങുമ്പോൾ ചിലർചേർന്ന് തന്നെ ആക്രമിച്ചുവെന്നും ഇയ്യാൾ പോലീസിനോടുപറഞ്ഞു. പോലീസ് ഇതു സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

....

നിയുക്ത ഉപദേഷ്ടാവ് മെയ് 7_നു് എത്തുന്നു

തിരുവനന്തപുരം മെ. 4

കേരള ഗവണ്മെണ്ടിന്റെ നിയുക്ത ഉപദേഷ്ടാവായ എൻ. എസ്. രാഘവാചാരി മെയ് 7_ംനു- ഇവിടെയെത്തുന്നതാണെന്ന് ഒരു സൌദ്യോഗ പത്രക്കാറ്റിപ്പിൽ പറയുന്നു.

[പി ടി ഐ]

—

സിക്കിം_തിബത്തു് അതിർത്തിസംഘട്ടനവാർത്ത അവാസ്തവം

(പി ടി ഐ) ഗാങ്ടോക്, മേ 4

സിക്കിം_തിബത്തു് അതിർത്തിയിൽ ഒരു സംഘട്ടനമുണ്ടായതിനെത്തുടർന്ന് അനേകംപേർ കൊല്ലപ്പെട്ടുവെന്ന് ഒരുവിഭാഗം ട്വിട്ടർഷ് പത്രങ്ങളിൻ വന്ന വാർത്ത അടിസ്ഥാനരഹിതമാണെന്നു് സിക്കിം മഹാരാജാവ് തന്റെ മാസാന്തപത്രസമ്മേളനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

സിക്കിമിന